# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

KSFESA CITU

Reg. No. 181/71, Kottappuram Road, Thrissur -4
(Affiliated to C.I.T.U.R. No. K. 1128)
E-mail:ksfeacitu@yahoo.co.in) Web : www.ksfesa.com

***President***
**A. K. Balan MLA**
**Mob : 9846361111**

***General Secretary***
**S. Muraleekrishnapillai**
**Mob : 9446538432**


**സർക്കുലർ 16/2016**

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാനകമ്മിറ്റിയംഗങ്ങളുടെ യോഗം 31.01.2016 (ഞായർ) രാവിലെ 11 മണിയ്ക്ക് CITU പാലക്കാട് ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. അന്നേദിവസം രാവിലെ 10 മണിയ്ക്ക് ഭാരവാഹിയോഗം ചേർന്നു. സംസ്ഥാന പ്രസിഡന്റ് സ: എ. കെ. ബാലൻ MLA യോഗത്തിൽ ആദ്യന്തം പങ്കെടുത്തു.

CPI നേതാവ് സ: എ. ബി. ബർദൻ, സംസ്ഥാനത്തെ തലമുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവ് സ: എം. കെ. ഭാസ്കരൻ, തീവ്രവാദികളുടെ ആക്രമണത്തിൽ ഏറ്റുമുട്ടി വീരമരണം പ്രാപിച്ച ലെഫ്റ്റനന്റ് കേണൽ ഇ. കെ. നിരഞ്ജൻ ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥി ശ്രീ. രോഹിത് വെമുലെ, പ്രൊഫ. വി. അരവിന്ദാക്ഷൻ സ: പി. ടി. രാജൻ, സ: കെ. മൂസക്കുട്ടി പ്രശസ്ത മാധ്യമ പ്രവർത്തകൻ ശ്രീ. ടി. എൻ. ഗോപകുമാർ, കോഴിക്കോട് മാൻഹോൾ ദുരന്തത്തിൽ മരിച്ച തൊഴിലാളികൾ, അവരെ രക്ഷിക്കുന്നതിനുള്ള പരിശ്രമത്തിൽ ജീവൻ ബലിയർപ്പിച്ച സ: നൗഷാദ്, മുൻ സ്പീക്കറും സംഘടനയുടെ ആദ്യ പ്രസിഡന്റുമായ ശ്രീ. എ. സി. ജോസ്, പ്രശസ്ത നർത്തകി പത്മവിഭൂഷൺ മൃണാളിനി സാരാഭായി, പ്രശസ്ത സിനിമാനടി ശ്രീമതി കൽപന എന്നിവരുടെ ദേഹവിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

ഹൈദരാബാദ് സർവകലാശാലയിലെ സമർത്ഥനായ ഗവേഷകവിദ്യാർത്ഥി രോഹിത് വെമുലയുടേത് ആത്മഹത്യയാണെന്ന് പറയാനാവില്ല. അതൊരു അരുംകൊലതന്നെയാണ്. നാടുഭരിക്കുന്ന ഗോഡ്സെയുടെ പിന്മുറക്കാർ ആസൂത്രിതമായി, നാളെയുടെ വാഗ്ദാനമായിരുന്ന പ്രതിഭാശാലിയായ ആ വിദ്യാർത്ഥിയെ മരണത്തിലേയ്ക്ക് തള്ളിവിടുകയായിരുന്നു. 2013-ൽ മുസാഫിർ നഗറിൽ മുസ്ലീങ്ങൾക്കെതിരെ സംഘപരിവാറുകാർ നടത്തിയ ആക്രമണങ്ങളെ തുറന്നുകാണിക്കുന്ന നകുൽസിംഗ് സാഹ്നിയുടെ 'മുസഫർ നഗർ ബാകി ഹെ' എന്ന ഡോക്യൂമെന്ററി കാമ്പസിലെ വിദ്യാർത്ഥികൾക്ക് മുന്നിൽ പ്രദർശിപ്പിക്കാൻ നേതൃത്വം നൽകിയെന്നതാണ് സംഘപരിവാരത്തിൽപ്പെട്ട ABVP-യെ പ്രകോപിപ്പിച്ചത്. രോഹിതിനെ ആത്മഹത്യയിലേയ്ക്ക് തള്ളിനീക്കിയ ആ ചെറുപ്പക്കാരന്റെ മരണത്തിനുത്തരവാദികളായ കേന്ദ്ര മന്ത്രിമാരെയും സർവകലാശാല വൈസ് ചാൻസലറെയും ABVP നേതാക്കളെയും നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്നും ശിക്ഷ ഉറപ്പാക്കണമെന്നുള്ള ആവശ്യം ഉയർത്തിക്കൊണ്ട് രാജ്യമെമ്പാടും ഉയർന്നുവരുന്ന പ്രക്ഷോഭത്തോട് സംഘടന ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

ഇന്ത്യൻ ബഹിരാകാശ പദ്ധതിയുടെ പിതാവ് വിക്രം സാരാഭായിയുടെ സഹധർമ്മിണിയും ക്യാപ്റ്റൻ ലക്ഷ്മിയുടെ സഹോദരിയും രവീന്ദ്രനാഥ ടാഗോറിന്റെ ശിഷ്യയും ലോകം അറിയപ്പെടുന്ന നർത്തകിയും രാജ്യത്തിന്റെ അഭിമാനവുമായിരുന്ന പദ്മവിഭൂഷൺ മൃണാളിനി സാരാഭായിയുടെ നിര്യാണത്തിൽ അനുശോചിയ്ക്കാത്ത ഇന്ത്യൻ പ്രധാനമന്ത്രിയുടെ രാഷ്ട്രീയ വൈര നിര്യാതന നിലപാടിൽ സംഘടന പ്രതിഷേധിക്കുന്നു.

കടയ്ക്കൽ ശാഖയിലെ അസിസ്റ്റന്റായിരുന്ന ശ്രീ. ബാബുകുമാർ, കുണ്ടറ II ശാഖയിലെ അപ്രൈസർ സ: എം. എൻ. ഗിരീഷ്കുമാർ എന്നിവരുടെ അകാലനിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. മോട്ടോർ സൈക്കിൾ അപകടം മൂലം മസ്തിഷ്കമരണം സംഭവിച്ച സ: ഗിരീഷ്കുമാറിന്റെ ഹൃദയം, കരൾ, വൃക്കകൾ, നേത്രപടലം എന്നിവ ദാനം ചെയ്തുകൊണ്ട് മനുഷ്യസ്നേഹത്തിന്റെ ഉദാത്തമാതൃകയാണ് ഗിരീഷ്കുമാറിന്റെ കുടുംബം സ്വീകരിച്ചത്. അവയവദാനത്തിന്റെ ഉദാത്ത മാതൃക പിന്തുടർന്ന് വിലപ്പെട്ട ജീവനുകൾ രക്ഷിയ്ക്കായുള്ള പരിശ്രമത്തിന് പങ്കാളിയാകണമെന്ന് സംഘടന എല്ലാ വിഭാഗം ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

## തീരുമാനങ്ങൾ

**1. ബോണസ് ആക്ട് ഭേദഗതി: 2014-15 ലെ ബോണസ് പുതുക്കി നിശ്ചയിച്ച് വിതരണം ചെയ്യുക.**

ബോണസ് പരിധി എടുത്തുകളയണമെന്നാവശ്യപ്പെട്ടുകൊണ്ട് CITU-ന്റെയും സംയുക്ത ട്രേഡ് യൂണിയന്റെയും പ്രക്ഷോഭ സമരങ്ങളുടെ ഫലമായി ബോണസ് പരിധി ഉയർത്താൻ കേന്ദ്ര-സർക്കാർ നിർബന്ധിതമായി. ബോണസിനുള്ള ശമ്പളപരിധി 10,000/- രൂപായിൽ നിന്നും 21,000/- രൂപയായും ബോണസ് കണക്കാക്കുന്നതിനുള്ള ശമ്പളം 3500/- രൂപയിൽ നിന്നും 7,000/- രൂപായായും കേന്ദ്രസർക്കാർ ഉയർത്തി. ഇതിന് 2014-15 മുതൽ മുൻകാല പ്രാബല്യമുണ്ട്. കേന്ദ്രസർക്കാർ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ KSFE ജീവനക്കാരുടെ 2014-15 ലെ ബോണസ് പുതുക്കി നിശ്ചയിച്ച് വിതരണം ചെയ്യണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു. പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ സംഘടനാ യോഗം വിളിയ്ക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**2. ശമ്പളപരിഷ്കരണം: സമയബന്ധിതമായി നടപ്പാക്കണമെന്ന ആവശ്യം.**

2012 ജൂലൈ മാസം കാലാവധി അവസാനിച്ച കഴിഞ്ഞ ശമ്പളപരിഷ്കരണ കരാർ സമയബന്ധിതമായി പുതുക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രക്ഷോഭങ്ങളുടെ ഫലമായി 08.01.2016-ന് 2012 ആഗസ്റ്റ് മാസം മുതൽ മുൻകാല

പ്രാബല്യത്തോടെ പുതിയ കരാറിൽ മാനേജ്മെന്റും സംഘടനകളും ഒപ്പുവച്ചു. 12-01-16 ന് പ്രസ്തുത കരാർ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും സർക്കാരിലേയ്ക്ക് അംഗീകാരത്തിനായി അയയ്ക്കുകയും ചെയ്തു. കേരളാ സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം 2016 മാർച്ച് മാസത്തിൽ വിതരണം ചെയ്യാൻ സർക്കാർ ഉത്തരവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ KSFE ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാറിന് എത്രയുംവേഗം അംഗീകാരം നൽകണമെന്ന് സംഘടന കേരള സർക്കാരിനോടാവശ്യപ്പെടുന്നു. ഇതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

പ്രതികൂലരാഷ്ട്രീയ സാഹചര്യത്തിലും വിവിധ ജില്ലാ കമ്മിറ്റികളിൽ നിന്നും അംഗങ്ങളിൽ നിന്നും വന്ന നിരവധി പ്രശ്നങ്ങൾ മാനേജ്മെന്റിനെ ബോധ്യപ്പെടുത്താനും അവയിൽ ബഹുഭൂരിപക്ഷവും കരാറിന്റെ ഭാഗമാക്കാനും സംഘടനയ്ക്ക് കഴിഞ്ഞു. കരാറിന്റെ പകർപ്പും 01.01.2013 മുതലുള്ള DA സംബന്ധിച്ച സംഘടനയുടെ നിലപാടും സംഘടനയുടെ Website ൽ upload ചെയ്തിട്ടുണ്ട്. എങ്കിലും പ്രധാനപ്പെട്ടവ ചുവടെ കൊടുത്തിരിക്കുന്നു.

1. 13.5% ന് മുകളിലേയ്ക്ക് യാതൊരുകാരണവശാലും Fitment വർധനയ്ക്കൊരുക്കമില്ലായെന്ന മാനേജ്മെന്റ് നിലപാടുമൂലം ശമ്പളപരിഷ്കരണ ചർച്ച ഇടയ്ക്ക് വഴിമുട്ടിയിരുന്നു. നമ്മുടെ പ്രസിഡന്റും ചെയർമാനുമായുള്ള ആശയവിനിമയവും സംഘടന സ്വീകരിച്ച വ്യക്തതയുള്ള നിലപാടുകൾ മൂലവും കഴിഞ്ഞ പ്രാവശ്യത്തെ Fitment നിരക്കായ 14.5% ഇത്തവണയും അംഗീകരിക്കാൻ കഴിഞ്ഞത് സംഘടനയുടെ നേട്ടമാണ്. ഇതുമൂലം ആകെയുള്ള 3590 വർക്ക്മെൻ ജീവനക്കാരിൽ 788 പേർക്കും ഒരു ഇൻക്രിമെന്റിന്റെ കൂടി വർധനവ് ഉറപ്പുവരുത്താൻ സംഘടനയ്ക്ക് കഴിഞ്ഞു.

2. PTS ജീവനക്കാർക്ക് റിട്ടയർമെന്റ് പ്രായം 65-ൽ നിന്നും 70 ആയി ഉയർത്തി. Increment Stagnation ഒഴിവാക്കാൻ PTS Scale- ന്റെ Span വർധിപ്പിച്ചു. 8 വർഷം സർവീസ് പൂർത്തിയാക്കുന്ന ജീവനക്കാർക്ക് ഒരു ഗ്രേഡ് അനുവദിക്കുകയും ചെയ്തു. ജീവനക്കാരുടെ 25 വർഷ സർവീസിന് ഒരു ഇൻക്രിമെന്റ് നൽകുമ്പോൾ PTS കാലയളവിലെ സർവീസ് കൂടി പരിഗണിക്കും. കൂടാതെ PTS ജീവനക്കാർക്കും ഭവനവായ്പ അനുവദിക്കും.

3. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കഴിഞ്ഞ ശമ്പളപരിഷ്കരണത്തിൽ അനുവദിച്ച, LTC ആനുകൂല്യം KSFE ജീവനക്കാർക്കും ബാധകമാക്കി.

4. ശമ്പളപരിഷ്കരണത്തിലെ മിനിമം വർധന 1200/- രൂപയായി അംഗീകരിച്ചെങ്കിലും, Fitment വർധനയുടെ ഭാഗമായി ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം മാനേജ്മെന്റ് ആദ്യം അംഗീകരിച്ചിട്ടില്ല. നമ്മുടെ ശക്തമായ നിലപാടുമൂലം മാനേജ്മെന്റ് നമ്മുടെ ആവശ്യം അംഗീകരിക്കുകയും Fitment ആനുകൂല്യമായി 1200 രൂപ കരാറിൽ ഉൾപ്പെടുത്തുകയും ചെയ്തു 71 PTS ജീവനക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. Fitment 1250 രൂപ ആയിരുന്നെങ്കിൽ 64 PTS കാർക്കുകൂടി ഇതിനു പ്രയോജനം ലഭിക്കുമായിരുന്നു.

5. ഡ്രൈവർ തസ്തികയിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് ഒരു ഗ്രേഡ് മാത്രമേയുള്ളുവെന്നുള്ള പരാതി ഈ കരാറിലൂടെ പരിഹരിച്ചു. 4 വർഷത്തെ സർവ്വീസിന് നിലവിൽ ലഭിക്കുന്ന ഒരു ഗ്രേഡിന് പുറമേ 8 വർഷ സർവീസിനും 14 വർഷ സർവീസിനും രണ്ടു ഗ്രേഡുകൾ കൂടി അനുവദിച്ചു.

6. സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ 8 വർഷം (നിലവിൽ 10 വർഷം) പൂർത്തിയാക്കിയ പ്രമോഷൻ ടെസ്റ്റ് പാസാകാത്ത ജീവനക്കാർ അസി: മാനേജർ (NC) ആയി ഗ്രേഡ് പ്രമോഷൻ ലഭിക്കും.

7. കേരളാ സർക്കാർ ജീവനക്കാരിൽ നിന്ന് വ്യത്യസ്തമായ 4 ഗഡു DA കുറച്ച് മെർജ് ചെയ്ത് സ്കെയിൽ രൂപീകരിക്കുന്നതുമൂലം ജീവനക്കാർക്ക് DA യിലും ശമ്പളത്തിലും ഉണ്ടാകുന്ന നഷ്ടം പരിഹരിയ്ക്കുന്നതിനാണ് KSFE ജീവനക്കാരുടെ DA പുനർനിർണ്ണയം ചെയ്യുന്നതിനുള്ള വ്യവസ്ഥ കഴിഞ്ഞ ശമ്പളകരാറിൽ ഉൾപ്പെടുത്തിയത്. അടിസ്ഥാനശമ്പളം കുറഞ്ഞിരിക്കുന്നതുമൂലം ഭവനവായ്പതുകയിലും, HRA, CCA ഉൾപ്പെടുയുള്ള ആനുകൂല്യങ്ങളിലും ഉണ്ടായേക്കാവുന്ന നഷ്ടം പരിഹരിയ്ക്കുന്നതിനുള്ള വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

8. 12 വർഷം (നിലവിൽ 13 വർഷം) സർവ്വീസ്പൂർത്തിയാക്കുന്ന ഓഫീസ് അറ്റൻഡന്റ് ജീവനക്കാർ Despatch Assistant ആകും.

9. ജീവനക്കാർക്ക് ലഭ്യമായിരുന്ന 'Employees Computer Loan' വിപുലീകരിയ്ക്കുകയും കരാറിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

10. സീനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ ഇൻക്രിമെന്റ് സ്റ്റാഗ്നേഷൻ ഒഴിവാക്കാനായി സ്കെയിലിന്റെ സ്പാൻ വർധിപ്പിച്ചു. എന്നാൽ Weightage ലും Office Attendant / Assistant വിഭാഗം ജീവനക്കാരുടെ ഗ്രേഡ് പ്രമോഷനുകളിലും കാതലായ മാറ്റം ഉണ്ടാകാതിരുന്നത് കരാറിന്റെ പ്രധാന അപാകതയാണ്. Deputy Manager ഗ്രേഡിലുള്ള ജീവനക്കാർക്ക് രണ്ടു ഇൻക്രിമെന്റ് അനുവദിച്ചപ്പോൾ, Asst. Manager (NC), Despatch Assistant എന്നീ ഗ്രേഡിലുള്ള ജീവനക്കാർക്ക് ഒരു ഇൻക്രിമെന്റ് പോലും അനുവദിയ്ക്കാൻ തയ്യാറാകാതിരുന്ന മാനേജ്മെന്റ് നിലപാടും പ്രതിഷേധാർഹമാണ്. അതോടൊപ്പംതന്നെ Despatch Assistant ന്റെ ചുമതലകൾ നിർവ്വഹിച്ച് നൽകുമെന്ന ഉറപ്പിൽ നിന്നും മാനേജ്മെന്റ് ഏകപക്ഷീയമായി പിന്മാറിയ നടപടിയും അംഗീകരിക്കാനാവില്ല.

**3. CASBA കൂട്ടക്കുഴപ്പം ചർച്ച ചെയ്യാൻ സംഘടനാ യോഗം വിളിയ്ക്കുക.**

CASBA പ്രശ്നം ചർച്ചചെയ്യുന്നതിന് സംഘടനായോഗം വിളിയ്ക്കുന്നതിന് 22.7.2015-ന് തൃശ്ശൂരിൽ വച്ച് ചേർന്ന ഉഭയകക്ഷി ചർച്ചയിൽ മാനേജ്മെന്റ് ഉറപ്പുനൽകിയിരുന്നതാണ്. എന്നാൽ ചർച്ച വിളിച്ചുചേർത്തില്ലായെന്നു മാത്രമല്ല, ജീവനക്കാരെയും സംഘടനാ പ്രവർത്തകരെയും 'ഇരുട്ടത്ത്' നിർത്തുന്ന രീതി മാനേജ്മെന്റ് തുടരുകയാണ്. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെയും ആസൂത്രണമില്ലാതെയും മാനേജ്മെന്റ് നടത്തുന്ന നീക്കങ്ങൾക്ക് ജീവനക്കാർ ബലിയാടാവുകയാണ്. ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ചില്ലറയല്ല. ഇടപാടുകാരിൽ സ്ഥാപനത്തെക്കുറിച്ച് മോശമായ അഭിപ്രായ രൂപീകരണത്തിന് സാഹചര്യം ഒരുക്കുകയും ചെയ്യും. അത്യന്തം ഗൗരവതരമായ പ്രശ്നം

ചർച്ചചെയ്യുന്നതിന് അടിയന്തിരമായ സംഘടനായോഗം വിളിയ്ക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. അതിന് മുമ്പായി മറ്റു വലിയ ശാഖകളിലേയ്ക്ക് CASBA വ്യാപിപ്പിക്കരുതെന്നും സംഘടനമാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

**4. ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ 'By Transfer' promotion : DCA യോഗ്യത ഒഴിവാക്കാനുള്ള തീരുമാനം അനന്തമായി നിളുന്നതിൽ പ്രതിഷേധം.**

ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ 'By Transfer Promotion' DCA യോഗ്യത ഒഴിവാക്കാനുള്ള തീരുമാനം സർക്കാരിനെ അറിയിച്ചുകൊണ്ടുള്ള മാനേജ്മെന്റിന്റെ കത്ത് അവ്യക്തത നിറഞ്ഞതാണ്. ആയതിനാൽ പ്രസ്തുത കത്ത് സർക്കാർ പരിഗണിച്ചിട്ടില്ല. DCA യോഗ്യത ഒഴിവാക്കി സർക്കാർ ഉത്തരവ് തിരുത്താത്തപക്ഷം DCA യോഗ്യതയില്ലാത്ത Office attendentജീവനക്കാർക്ക് പ്രമോഷന് വേണ്ടിയുള്ള അപേക്ഷ പോലും നൽകാൻ കഴിയാത്ത സ്ഥിതിയുണ്ടാകും. ആയതിനാൽ 'By transfer' പ്രമോഷന് DCA ഒഴിവാക്കാൻ മാനേജ്മെന്റ് എടുത്ത തീരുമാനം അടിയന്തിരമായി സർക്കാരിനെ അറിയിച്ച് അംഗീകാരം വേണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**5. ജീവനക്കാരുടെ ശമ്പള റിക്കവറി: credit note ശാഖകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള കാലതാമസം.**

'Self Surety' യിൽ ചിട്ടിപ്പണം/വായ്പാ സ്വീകരിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ചിട്ടിതവണ/വായ്പാതവണ മുൻകൂറായി റിക്കവർ ചെയ്യുന്നു. എന്നാൽ വളരെ വൈകിയാണ് ഇതിന്റെ 'Credit Note' ശാഖകളിൽ അയച്ചുകൊടുക്കുന്നത്. ഇതുമൂലം നിരവധി പ്രശ്നങ്ങളാണ് ജീവനക്കാർ അഭിമുഖീകരിക്കുന്നത്. അനാവശ്യമായ കാലതാമസം അവസാനിപ്പിയ്ക്കണമെന്നും 'Pay roll' നോടൊപ്പം തന്നെ credit note അതാതുശാഖകളിലേയ്ക്ക് അയച്ചുനൽകണമെന്നും സംഘടന ആവശ്യപ്പെടുന്നു.

**6. സ്ഥാപനം ശക്തിപ്പെടുത്തുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുക.**

25,000 കോടി ടേണോവറിലേയ്ക്ക് സ്ഥാപനം കുതിക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും 25,000 കോടിയിൽ 8000 കോടിയും പൊതുജന നിക്ഷേപങ്ങളാണ് എന്നതാണ് സത്യം. ഉയർന്ന പലിശ ബാധ്യതയുള്ള നിക്ഷേപം വായ്പയായി നൽകാതെ കുറഞ്ഞ പലിശയ്ക്ക് ട്രഷറിയിൽ നിക്ഷേപിയ്ക്കുന്നതുമൂലം സാമ്പത്തിക ബാധ്യത സ്ഥാപനം എത്രനാൾ താങ്ങും ? പൊള്ളചിട്ടി ചെയ്യുന്നവർക്കെതിരെ ശക്തമായി നിലപാട് മാനേജ്മെന്റ് സ്വീകരിക്കാതിരുന്നതുമൂലം ചിട്ടി കുടിശിക 3000 കോടി കവിഞ്ഞു. പ്രതിമാസം 1265 കോടി രൂപയുടെ ചിട്ടി ചെയ്യുന്ന സ്ഥാപനത്തിൽ ചിട്ടി കുടിശിക 3000 കോടി കവിഞ്ഞു എന്നത് ഞെട്ടലോടെ മാത്രമേ കാണാനാവൂ, R. R. കുടിശിക കൂടി ചേർത്താൽ സംഗതി പറയാനുമില്ല.

കോൺഗ്രസ്സ് നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ചിട്ടിവരിക്കാർക്ക് ഏർപ്പെടുത്തിയ സർവ്വീസ് ടാക്സ് BJP സർക്കാർ വീണ്ടും ഉയർത്തുകയാണ് ചെയ്തത്. കോൺഗ്രസ്സും BJP യും 'ചായസൽക്കാര'ത്തിൽ ഉണ്ടാക്കിയ ധാരണ അനുസരിച്ച് 19% ആയി സർവീസ് ടാക്സ് ഉയരാൻ പോകുകയാണ്. KSFE യുടെ ബിസിനസിനെവളരെയധികം പ്രതികൂലമായി ബാധിയ്ക്കാൻ സാധ്യതയുള്ള പ്രസ്തുത പ്രശ്നം കേന്ദ്രഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ മാനേജ്മെന്റും കേരളാ സർക്കാരും സത്വരമായ നടപടി സ്വീകരിക്കണം. ആസിയാൻ കരാറിനെതിരെ കേരളം ചങ്ങല പിടിച്ച് പ്രതിഷേധിച്ചപ്പോൾ, അതിനെ പരിഹസിക്കുകയാണ് യുഡിഎഫ് നേതാക്കൾ ചെയ്തത്. ആസിയാൻ കരാർ റബ്ബറിന് യാതൊരു പ്രതിസന്ധിയും സൃഷ്ടിക്കില്ല എന്നതായിരുന്നു വീരവാദം. റബ്ബർ മേഖലയിലെ പ്രതിസന്ധി KSFE യെ ഗുരുതരമായി ബാധിച്ചുകഴിഞ്ഞു. ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ നിലപാടും ഇടപാടുകാരിൽ ആശങ്ക സൃഷ്ടിക്കുകയാണ്.

സർവ്വീസ് ടാക്സിൽ നിന്നും ഒഴിയുന്നതിന് വേണ്ടി 'ചിട്ടി'യെന്ന പദ്ധതി പേരുമാറ്റി യഥേഷ്ടം നടത്തുകയാണ്. ജാമ്യമില്ലാതെ 'സമ്മാനതുക' നൽകുമെന്ന വാഗ്ദാനവും നടത്തുന്നു. ചിട്ടി വ്യവസായത്തിന്റെ വിശ്വാസ്യത തകർക്കുന്ന നിലപാടുകളെ കേന്ദ്ര-സംസ്ഥാന ഭരണാധികാരികൾ കണ്ടില്ലെന്ന് നടിക്കുകയാണ്. കേന്ദ്ര ചിട്ടി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത ചിട്ടികളുടെ സെക്യൂരിറ്റി നിക്ഷേപത്തിന് പലിശപോലും നൽകാതെ KSFEയെ ബുദ്ധിമുട്ടിക്കുകയാണ് കേരള സർക്കാർ.

KSFE യുടെ ചിട്ടി വരുമാനത്തിന്റെ 12.5% വും കേരള സർക്കാരിന് സർവീസ് ചാർജ് നൽകുമ്പോൾ പ്രസ്തുത സർവീസ് ചാർജ് തുകയ്ക്ക് Service tax ഉം ആദായനികുതിയും ഏർപ്പെടുത്തി KSFE യുടെ നടുവൊടിക്കുകയാണ് കേന്ദ്രസർക്കാർ.

KSFE യുടെ നിലനിൽപ്പിനെ ഗുരുതരമായി ബാധിക്കുന്ന മേൽ സൂചിപ്പിച്ച വിഷയങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മുമ്പിൽ അവതരിപ്പിച്ച് പരിഹാരം തേടാൻ മാനേജ്മെന്റ് തയ്യാറാകണം കോസ്റ്റ് ഓഫ് ഫണ്ട് കുറയ്ക്കുന്നതിനും NIM ശക്തിപ്പെടുത്തുന്നതിനും സുഗമ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും മാനേജ്മെന്റ് ശക്തമായ നിലപാട് സ്വീകരിക്കണം.

**ഇതാണ് KSFE ജീവനക്കാരുടെ 'ഇന്നത്തെ ചിന്താവിഷയം'.**

**7. അസിസ്റ്റന്റ് ജീവനക്കാരുടെ നിയമനം**

2015 ജൂലൈ 27 ന് PSC അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക്, 2016 ജനുവരി 11-ന് HO യിൽ വച്ചാണ് നിയമന ഉത്തരവ് നൽകിയത്. എന്നാൽ നിയമന ഉത്തരവ് നൽകാൻ വൈകിയത് ഉദ്യോഗാർത്ഥികളിലും കുടുംബാംഗങ്ങളിലും ആശയക്കുഴപ്പവും പ്രതിഷേധവുമുണ്ടാക്കി. രാത്രി എട്ടുമണിയായിട്ടും നിയമന ഉത്തരവ് ലഭിയ്ക്കാത്തതിനെ തുടർന്ന് SA യുടെ നേതൃത്വത്തിൽ 100 ലധികം പ്രവർത്തകർ പങ്കെടുത്ത് പ്രതിഷേധ പ്രകടനം നടത്തുകയും ഉദ്യോഗാർത്ഥികൾക്ക് ആത്മവിശ്വാസം നൽകികൊണ്ട് അവരെ അഭിവാദ്യം ചെയ്യുകയും ചെയ്തു. മാനേജ്മെന്റ് നൽകിയ ഉറപ്പിനെ തുടർന്ന് പ്രതിഷേധപ്രകടനം അവസാനിപ്പിച്ചു. ദൃശ്യമാധ്യമങ്ങളും പത്രമാധ്യമങ്ങളും സംഘർഷാവസ്ഥ നിയന്ത്രിക്കാൻ പോലിസ് ഉദ്യോഗസ്ഥരും എത്തുകയുണ്ടായി. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത മനോഭാവത്തിനെതിരെ നമ്മുടെ സംഘടന നടത്തിയ പ്രക്ഷോഭത്തിന്റെ ഫലമായി posting order നൽകിയെങ്കിലും

ഗർഭിണികളും കുട്ടികളും ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കും കുടുംബങ്ങൾക്കും വലിയ പ്രയാസവും ബുദ്ധിമുട്ടു മാണ് ഉണ്ടായത്. അന്ന് നിയമന ഉത്തരവ് ലഭിച്ച 150 പേരിൽ 100 ലധികം പേരും നമ്മുടെ സംഘടനയിൽ അംഗത്വമെ ടുക്കുകയും പ്രതിസന്ധി ഘട്ടത്തിൽ അവരോടൊപ്പം നിന്ന സംഘടനയെ ഉദ്യോഗാർത്ഥികളും കുടുംബാംഗങ്ങളും അഭിനന്ദിക്കുകയും ചെയ്തു. അന്നേദിവസം രാവിലെ 8 മുതൽ രാത്രി 12 മണിവരെ സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി HO ൽ എത്തിയ എല്ലാ സംഘടനാപ്രവർത്തകരെയും അഭിവാദ്യം ചെയ്യുന്നു. കൂടാതെ അർദ്ധരാത്രിയിലും KSFE ആസ്ഥാനത്ത് എത്തി സംഘടനയുടെ സമരപരിപാടികൾക്ക് വേണ്ട നിർദ്ദേശം നൽകുകയും, മാനേജ്മെന്റി നോട് ഈ വിഷയത്തിൽ സത്വരനടപടിയെടുക്കണമെന്നും ആവശ്യപ്പെടുകയും ചെയ്ത പൊതു വിപ്ലവ പ്രസ്ഥാന ത്തിന്റെയും CITU വിന്റേയും ജില്ലയിലെ നേതാക്കളെയും പ്രവർത്തകരെയും സംഘടന അഭിവാദ്യം ചെയ്യുന്നു.

**8.** സ്ഥലംമാറ്റം ആവശ്യമുള്ള അംഗങ്ങൾ ഫെബ്രുവരിയിൽ തന്നെ സ്ഥലംമാറ്റ അപേക്ഷ നൽകേണ്ടതാണ്. ഒരേ ശാഖയിൽ 5 വർഷം പൂർത്തിയാക്കിയ അസിസ്റ്റന്റ് ജീവനക്കാരും 7 വർഷം പൂർത്തിയാക്കിയ ഓഫീസ് അറ്റന്റന്റ് ജീവനക്കാരും നിർബന്ധമായി സ്ഥലംമാറ്റം ഉണ്ടാകുമെന്ന കീഴ്വഴക്കം നിലനിൽക്കുന്നതിനാൽ അവരും സ്ഥലം മാറ്റ അപേക്ഷ നൽകേണ്ടതാണ്. ഇതിനെ സംബന്ധിച്ച വ്യക്തതയുള്ള നിർദേശം ശാഖകളിൽ എത്തിയ്ക്കണ മെന്ന് സംഘടന മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നു.

**9.** ശാഖകൾ സന്ദർശിക്കുന്ന റീജിയണൽ മാനേജർമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും, ഇടപാടുകാരുടെ സാന്നിദ്ധ്യ ത്തിൽ ജീവനക്കാരെ അധിക്ഷേപിക്കുന്നുവെന്നുള്ള പരാതി ഗൗരവമുള്ളതാണ്. ഓഫീസ് അറ്റന്റന്റ്/പാർട്ട് ടൈം ജീവനക്കാരെ തെരഞ്ഞുപിടിച്ച് അധിക്ഷേപിക്കുന്നതായും പരാതി ഉണ്ടായിരിക്കുകയാണ്. ജീവനക്കാരുടെ ആത്മ വീര്യം തകർക്കുന്ന ഇത്തരം തെറ്റായ നടപടികളിൽ നിന്നും ഉത്തരവാദപെട്ടവർ പിന്തിരിയണമെന്ന് സംഘടന ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം ജീവനക്കാരുടെ അന്തസ്സും അഭിമാനവും സംരക്ഷിയ്ക്കാൻ ശക്തമായ നിലപാട് സ്വീകരിക്കാൻ സംഘടന നിർബന്ധിതമാകുമെന്ന് അധികാരികളെ അറിയിക്കുന്നു.

**10.** 28.02.2016 ഞായറാഴ്ച രാവിലെ 10 മണിയ്ക്ക് തൃശൂരിൽ വച്ച് നേതൃസംഗമം നടത്താൻ തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളും ജില്ലാ ഭാരവാഹികളും ജില്ലാ വനിതാ സബ്കമ്മിറ്റി ചെയർപേഴ്സൺ/കൺവീനർമാരും പങ്കെ ടുക്കേണ്ടതാണ്.

**11.** സംഘടനയുടെ സംസ്ഥാന സമ്മേളനം 2016 ജൂൺ മാസം കണ്ണൂരിൽ ചേരുന്നതാണ്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലാ സമ്മേളനങ്ങൾ മാർച്ച് മാസത്തിൽ നടത്താൻ തീരുമാനിച്ചു.

**12.** വർക്ക്മെൻ ജീവനക്കാരുടെ സിനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

**13.** പുതുതായി നിയമിക്കപ്പെട്ട PTS/O.A. ജീവനക്കാർക്ക് Confidential Report ശാഖകളിൽ നിന്നും അയയ്ക്കാത്തതു മൂലം ഒരുവർഷം കഴിഞ്ഞിട്ടും അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്നു സംഘടന ആവശ്യപ്പെടുന്നു.

**14.** പുതുതായി നിയമിക്കപ്പെട്ട ഓഫീസ് അറ്റന്റന്റ്/അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്ക് പ്രോവിഡന്റ് പെൻഷൻ ആനുകൂല്യം ഇല്ലാത്തതിനാൽ, പ്രസ്തുത വിഷയം ചർച്ചചെയ്ത് പരിഹരിക്കുന്നതിന് സംഘടനാ യോഗം വിളിയ്ക്കണമെന്നാവശ്യപ്പെടുന്നു.

**15.** സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ 5-വർഷം പൂർത്തിയാക്കിയ (പ്രൊമോഷൻ ടെസ്റ്റ് ക്വാളിഫൈ ചെയ്ത) ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകിയിട്ടില്ല. എത്രയുംവേഗം പ്രമോഷൻ നൽകണമെന്നാവശ്യ പ്പെടുന്നു.

**16.** സർക്കുലറുകളും മറ്റ് വിവരങ്ങളും യൂണിയൻ ജനറൽ സെക്രട്ടറികൾക്ക് ഇ മെയിൽ സന്ദേശം വഴി കൃത്യമായ അയച്ചുനൽകുമെന്നുള്ള മാനേജ്മെന്റിന്റെ ഉറപ്പ് പാലിയ്ക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

**17.** അസിസ്റ്റന്റ് മാനേജർ പ്രമോഷൻ: രാഷ്ട്രീയ പക്ഷപാത സമീപനത്തിനെതിരെ പ്രതിഷേധം-അസി. മാനേജർ തസ്തികയിലേയ്ക്കുള്ള പ്രമോഷനിൽ SA അംഗങ്ങളെയും നേതാക്കന്മാരെയും തെരഞ്ഞുപിടിച്ച് ഉപദ്രവിക്കുന്ന സമീപനമാണ് മാനേജ്മെന്റ് സ്വീകരിച്ചത്. രാഷ്ട്രീയത്തിന്റെ പേരിൽ ജീവനക്കാരെ തരംതിരിയ്ക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കുന്നുവെന്ന് സംഘടന മുന്നറിയിപ്പ് നൽകുന്നു.

സഖാക്കളെ, സുഹൃത്തുക്കളെ,

നവോത്ഥാനപ്രസ്ഥാനങ്ങളുടെ ആശയം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ ആവിഷ്ക്കരിച്ച ഭരണനടപടികളിലൂടെ കേരളം ഇന്ത്യയ്ക്ക് മാതൃകയായി. കാർഷിക ഭൂപരിഷ്കരണം, വിദ്യാഭ്യാസ ബില്ല്, സാക്ഷരതപ്രസ്ഥാനം, ജനകീയാസൂത്രണം, അധികാരവികേന്ദ്രീകരണം ആരോഗ്യ-വിദ്യാഭ്യാസ മേഖലക ളിലെ മുന്നേറ്റം എന്നീ ഭരണനടപടികളിലൂടെ 'കേരളാമോഡൽ' വികസനം ലോകത്തിന്റെ ശ്രദ്ധയിലേക്ക് വന്നു. കേന്ദ്ര-സംസ്ഥാന നയങ്ങൾ നാം നേടിയ നേട്ടങ്ങളെല്ലാം തകർക്കുകയാണ്. അശ്ലീലത്തിന്റെയും അഴിമതിയുടെയും ദുർഗന്ധം വമിക്കുന്ന നാടായി 'ദൈവത്തിന്റെ സ്വന്തം നാടി'നെ മാറ്റുന്ന യുഡിഎഫ് നയങ്ങൾക്കെതിരെ ശക്ത മായ ജനരോഷം ഉയർത്തികൊണ്ട് നവകേരള സൃഷ്ടിക്കായുള്ള പടയണിയിൽ ആയിരങ്ങൾ ഒഴുകിയെത്തുകയാണ്. നന്മകൾ തിരിച്ചുപിടിക്കാനുള്ള ബഹുജന മുന്നേറ്റത്തിൽ നമുക്കും അണിചേരാം.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSEF സ്റ്റാഫ് അസ്സോസിയേഷൻ
CITU

06/02/2016